കള്ളവും കപടവും ചതിയും ദൈവത്തിന്റെ പേരിൽ

തുഫൈൽ അഹമ്മദ്



മതേതരവാദികൾവരെ കൊട്ടിഘോഷിക്കുന്ന ഷാഹിദ് സിദ്ദിഖി മുഖ്യപത്രാധിപരായ 'നയീ ദുനിയ' എന്ന ഉർദു പ്രസിദ്ധീകരണത്തെ മുൻനിർത്തി വർഗീയ അജൻഡകളെ വെളിച്ചത്തേക്കുകൊണ്ടുവരികയാണ് ലേഖകൻ.



'നയി ദുനിയ'യുടെ മുഖചിത്രം

ഹിരണ്യ

മുഹമ്മദിന്റെ ആജ്ഞയനുസരിച്ച് ബാനു ഖുറൈസ യിലെ ആയിരത്തോളം വരുന്ന ജൂതന്മാരെ കൂട്ടക്കൊല ചെയ്തതിനെ വാരിക ന്യായീകരിക്കുകയാണ് ചെയ്യുന്നത് എന്നത് ദുഃഖകരമാണ്. ആ ജൂതൻമാരുടെ ഗോത്രം മുഴുവൻ കീഴടക്കുകയും സർവ്വസമ്പത്തുകളും ഉപേക്ഷിച്ച് പാലായനം ചെയ്യാനുള്ള സുരക്ഷാമാർഗ്ഗം ഒരുക്കിത്തരണമെന്ന അപേക്ഷയുമായി ദൂതൻമാരെ അയക്കുകയും ചെയ്തിട്ടുകൂടിയാണ് ഈ ക്രൂരകൃത്യം നടന്നത്.

ഇസ്ലാമും ഭീകരവാദവും എന്ന വിഷയത്തെ അധികരിച്ച് 'നയി ദുനിയ' എന്ന ഉർദു പ്രസിദ്ധീകരണം പുറത്തിറങ്ങിയ പ്രത്യേകലക്കത്തിൽ വസ്തുതകളെ വളച്ചൊടിക്കുകയും ചരിത്രത്തെ വികൃതമാക്കുകയും അതിക്രമങ്ങളെ നിഷേധിക്കുകയും ചെയ്യുന്നു.

ഇന്ത്യയിലെ ഒരു മുൻനിര പ്രതിവാര ഉർദു പത്രമായ 'നയി ദുനിയ' 'ഇസ്ലാമും ഭീകരവാദവും' എന്ന വിഷയത്തെ അധികരിച്ച് ഒരു പ്രത്യേകലക്കം തന്നെ പുറത്തിറക്കിയിരുന്നു. പത്രപ്രവർത്തരനും മുൻസാമാജികനുമായ ഷഹീദ് സിദ്ദിഖി എഡിറ്റ് ചെയ്ത മെയ്- 25-31 ന്റെ ആഴ്ചപതിപ്പിന്റെ പ്രത്യേകലക്കത്തിൽ, ഇസ്ലാമിക ലോകത്ത് ജിഹാദിസ്റ്റ് സംഘടനകളുടെ ഉയർത്തെഴുന്നേൽപ്പിനെ ചുറ്റിപ്പറ്റിയുള്ള അന്താരാഷ്ട്രചർച്ചകളെ അടിസ്ഥാനമാക്കി പ്രത്യേക ലേഖനങ്ങളുടെ നിരതന്നെയുണ്ടായിരുന്നു. എന്നാൽ ഓരോന്നിന്റെയും ലേഖകൻമാർ ആരാണെന്നാണ് വ്യക്തമല്ല. അതിനാൽ ആ ലേഖനങ്ങളിൽ വായനക്കാരുടെ മുമ്പിലേക്ക് ഇട്ടുകൊടുത്ത ആശയങ്ങൾ തീർച്ചയായും എഡിറ്ററുടേത് പ്രത്യേകിച്ച് ഈ വാരിക ഒരു കുടുംബത്തിന്റെ കുത്തകയാണെന്നുകൂടി മനസ്സിലാക്കുമ്പോൾ. ഇന്ത്യയിലെ മുസ്ലീങ്ങളുടെ ഇടയിൽ പ്രത്യേകിച്ച് ഉത്തരേന്ത്യയിൽ ഏറെപ്രചാരത്തിലുള്ളതാണ് ഈ വാരിക.

ഇസ്ലാം പ്രചരിച്ചത് വാളുകൊണ്ട് അല്ല എന്നാണ് ഹഫ്ത്ത് റോസാ നയി ദുനിയ വീറോടെ വാദിക്കുന്നത്. പക്ഷേ കവർ പേജിലടക്കം ചുരുങ്ങിയത് നാലു സ്ഥലത്തെങ്കിലും വാളിനെ കീർത്തിയുടേയും പ്രതാപത്തിന്റെയും ചിഹ്നമായ ആയുധമായി ചിത്രീകരിച്ചിരിക്കുന്നു. പ്രവാചകനായ മുഹമ്മദിന്റെ ആജ്ഞയനുസരിച്ച് ബാനു ഖുറൈസയിലെ ആയിരത്തോളം വരുന്ന ജൂതന്മാരെ കൂട്ടക്കൊല ചെയ്തതിനെ വാരിക ന്യായീകരിക്കുകയാണ് ചെയ്യുന്നത് എന്നത് ദുഃഖകരമാണ്. ആ ജൂതൻമാരുടെ ഗോത്രം മുഴുവൻ കീഴടക്കുകയും സർവ്വസമ്പത്തുകളും ഉപേക്ഷിച്ച് പാലായനം ചെയ്യാനുള്ള സുരക്ഷാമാർഗ്ഗം ഒരുക്കിത്തരണമെന്ന അപേക്ഷയുമായി ദൂതൻമാരെ അയക്കുകയും ചെയ്തിട്ടുകൂടിയാണ് ഈ ക്രൂരകൃത്യം നടന്നത്. സ്ത്രീകളും കുട്ടികളുമടങ്ങുന്ന ആ ഗോത്രത്തെ ഒന്നാകെ ആക്രമിച്ചതിനെ ഒരു ഒരുലേഖനത്തിൽ അജ്ഞാതനായ ലേഖകൻ ന്യായീകരിക്കുന്നതിങ്ങനെയാണ്. ഒരു ജനതയെ മുഴുവൻ പ്രവാചകൻ ഉപയോഗിക്കുമ്പോൾ മുഴുവൻ ജനതയും വംശീയഗോത്രത്തിലെ മുഴുവനാളുകളും പ്രായോഗികമായി യുദ്ധത്തിൽ പങ്കെടുക്കുന്നു. വംശീയ ഗോത്രത്തെ ഒന്നടങ്കം ഉന്മൂലനം ചെയ്യാനുള്ള കാരണമിതാണ്. മദീനയിലെ ജൂത വംശത്തിന് ബാനു ഖുറൈസയിൽ സംഭവിച്ചത് ഇതിനൊരു ഉദാഹരണമാണ്.

ലേഖകൻ തുടരുന്നു പ്രവാചകന്റെ കാലഘട്ടത്തിൽ ബാനു ഖുറൈസയിലെ ജൂത വംശജരെ കൊന്നൊടുക്കുവാൻ മുസ്ലീങ്ങൾ നിർബന്ധിതരായ ഒരു സമയം വന്നെത്തി. യുദ്ധം ചെയ്യാൻ കഴിയുന്ന പ്രായത്തിലുള്ളവരെയൊക്കെ കൊന്നൊടുക്കി. മറ്റുള്ളവരെ തുറുങ്കിലടയ്ക്കുകയും അടിമകളാക്കി വില്ക്കുകയും ചെയ്തു. ഇന്നും ജൂതൻമാരെ രോക്ഷം കൊള്ളിക്കുന്ന സംഭവമാണിത്.

ബാനുഖുറൈസയിലെ ജൂതൻമാരെ കൊന്നൊടുക്കിയതിന് ഹഫ്ത്ത്റോസാ നയിദുനിയ കണ്ടെത്തിയ ന്യായവാദങ്ങളിലൊന്ന് പരസ്പരം ഉടമ്പടികൾ ലംഘിക്കുന്നവർക്ക് അത്തരത്തിലുള്ള ശിക്ഷ, ജൂതൻമാരുടെ വിശുദ്ധഗ്രന്ഥമായ 'തോറ' തന്നെ അനുവദിക്കുന്നുണ്ട് എന്നതാണ്. ആധുനികലോകത്തെ ഏതൊരു ഭരണഘടനയിലും രാജ്യദ്രോഹത്തിനുള്ള ശിക്ഷ വധശിക്ഷ തന്നെയാണെന്നും വാരിക പ്രസ്താവിക്കുന്നു. '' ഇസ്‌ലാം അടിമകളോട് നല്ല രീതിയിൽ പെരുമാറണമെന്ന് അനുശാസിക്കുന്നു. എന്നു വാദിക്കുമ്പോൾ തന്നെ, ബന്ദികളായി പിടിക്കുന്നതിന്റെയും പിന്നീടൊരിക്കലും ഒത്തുചേരാൻ സാധിക്കാത്തവിധം അവരെ അടിമകളാക്കി വിൽക്കുകയും ചെയ്യുന്നതിനെയും വാരിക ന്യായീകരിക്കുന്നു.

കീഴടങ്ങിയിട്ടും ബാനുഖുറൈസയിലെ 900 ത്തോളം ജൂതൻമാർ കൂട്ടക്കൊലചെയ്യപ്പെട്ടതായി ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. സ്വയം കീഴടങ്ങിയ ആളുകളെ ഇത്തരത്തിൽ നിർദ്ദാക്ഷിണ്യം കൂട്ടക്കൊല ചെയ്തതിനെ ആധുനിക കാലത്തെ ഒരു ഇന്ത്യൻ പത്രപ്രവർത്തകൻ ന്യായീകരിക്കുകയാണെങ്കിൽ ക്രിസ്ത്യാനികളെയും ഷിയാകളെയും ഇറാഖിലേയും സിറിയയിലേയും സ്വവർഗ്ഗാനുരാഗികളേയും കൊന്നൊടുക്കുന്ന ഇസ്ലാമികസ്റ്റേറ്റ് (ISIS) ന്റെ നടപടിയിൽ ധാർമ്മികമായ തെറ്റ് എന്താണെന്ന് ചിലരെങ്കിലും ചിന്തിച്ചുപോകും.

ബാനു ഖുറൈസയിലെ ജൂതൻമാരെ കൊന്നൊടുക്കിയതിനെ ഈ ഉർദുവാരിക ന്യായീകരിക്കുന്നത് വീണ്ടും ശ്രദ്ധിക്കുക. നിരപരാധികളെ കൊല്ലുന്നതിന് ഇസ്ലാം അനുവാദം കൊടുത്തിട്ടില്ല. പക്ഷേ, അള്ളാഹുവിന്റെ സാമ്രാജ്യത്തിൽനിന്ന് സംഘർഷവും ദുഷ്പ്രവൃത്തികളും (ഫിത്ന)അവസാനിപ്പിക്കാൻ കുറ്റകൃത്യങ്ങൾക്ക് കഠിനശിക്ഷ വിധിക്കുകയും ചെയ്തിരിക്കുന്നു. ഇസ്ലാമിക് സംവാദങ്ങളിൽ ഫിത്ന എന്നാൽ ഇസ്ലാം അംഗീകരിക്കാത്ത ഇസ്ലാമികമല്ലാത്ത എല്ലാ പ്രവൃത്തികളും ഉൾപ്പെടും.

ചരിത്രത്തിൽ മുസ്ലീങ്ങൾ ഉൾപ്പെട്ട യുദ്ധങ്ങളെല്ലാം തന്നെ മുസ്ലീങ്ങൾ അല്ലാത്തവരുടെ (non muslims) കടന്നാക്രമണത്തിന്റെ ഫലമാണ് എന്നതാണ് വാരികയിലുടനീളം ഉയർത്തിപ്പിടിക്കുന്ന വാദം. പ്രവാചകനായ മുഹമ്മദിന്റെ കാലത്ത് മക്കയിലെ അമുസ്ലീങ്ങളിൽ നിന്നും ആധുനിക കാലത്ത് നോൺ മുസ്ലീം ആയ അമേരിക്കയുടേയും സഖ്യകക്ഷികളുടേയും ഭാഗത്തുനിന്നും.

ഇസ്ലാമിക് സ്റ്റേറ്റി (ISIS) ന്റെ കൂട്ടുക്കുരുതികൾ- ഇസ്ലാമിനെ കരിവാരിതേക്കുന്നത് ആരാണ്?'' എന്ന ലേഖനത്തിൽ പ്രസ്താവിക്കുന്നത് ഇങ്ങിനെയാണ്. ''ഇസ്ലാമിന്റെ സ്വഭാവശുദ്ധിയെ കളങ്കപ്പെടുത്തുന്നത് ആരാണ്? മുസ്ലീങ്ങളുടെ മേൽ ഭീകരവാദത്തിന്റെ മുദ്ര കുത്തുന്നത് ആരാണ്? ഇസ്ലാമിക ലോകത്ത് ഭീകരവാദത്തിന്റെ വിത്ത് പാകുന്നത് ആരാണ്? ഇസ്ലാമികലോകത്ത് ജനാധിപത്യത്തിന്റെ ശവസംസ്കാരം നടത്തുന്നത് ആരാണ്? അറബ് ലോകത്തുനിന്ന് വടക്കൻ ആഫ്രിക്കയിലേക്ക് ഭീകരവാദത്തിന്റെ കളികൾ തുറന്നുവിട്ടത് ആരാണ്? അൽഖായ്ദയ്ക്ക് പുതുജീവൻ നൽകിയത് ആരാണ്? ഇസ്ലാമിക് സ്റ്റേറ്റിനെ വളർത്തിയത് ആരാണ്? ഇത്തരത്തിലുള്ള അനേകം ചോദ്യങ്ങളുണ്ട്. പക്ഷേ ഉത്തരമൊന്നേയുള്ളൂ- അമേരിക്ക.'' ആദ്യകാലത്തെ ഇസ്ലാമിക് യുദ്ധങ്ങൾ ആത്മരക്ഷയ്ക്കു വേണ്ടിയായിരുന്നു എന്നു പറയുന്ന വാരികതന്നെ, രഹസ്യവിവരങ്ങളുടെ അടിസ്ഥാനത്തിൽ സൈബർ യുദ്ധം പ്രവാചകൻ മുൻകൂട്ടി ആസൂത്രണം ചെയ്തതായിരുന്നു എന്നും പറയുന്നു.

ഭാഷാപരമായി ''ഇരട്ടത്താപ്പ്'' എന്നാണ് അർത്ഥമെങ്കിലും ഉർദു

ചരിത്രത്തിൽ മുസ്ലീങ്ങൾ ഉൾപ്പെട്ട യുദ്ധങ്ങളെല്ലാം തന്നെ മുസ്ലീങ്ങൾ അല്ലാത്തവരുടെ (non muslims) കടന്നാക്രമണത്തിന്റെ ഫലമാണ് എന്നതാണ് വാരികയിലുടനീളം ഉയർത്തിപ്പിടിക്കുന്ന വാദം. പ്രവാചകനായ മുഹമ്മദിന്റെ കാലത്ത് മക്കയിലെ അമുസ്ലീങ്ങളിൽ നിന്നും ആധുനിക കാലത്ത് നോൺ മുസ്ലീം ആയ അമേരിക്കയുടേയും സഖ്യകക്ഷികളുടേയും ഭാഗത്തുനിന്നും.



ഷാഹിദ് സിദ്ദിഖി: ഇംഗ്ലീഷിൽ മതേതര ലേഖനങ്ങളും ഉർദുവിൽ തികഞ്ഞ വർഗീയതയും


സംസാരിക്കുന്നവരുടെ ഇടയിൽ അങ്ങേയറ്റം മോശമായ അർത്ഥസൂചനകളുള്ള 'ദോഖ്‌ല' മുതലായ വാക്കുകളുപയോഗിച്ച് അമേരിക്കയെ സാമൂഹികമായി താഴ്ത്തിക്കാണിക്കുകയാണ് പേരുവെക്കാത്ത ഈ ലേഖകൻ ചെയ്യുന്നത്.

ഇസ്ലാമികലോകവും മുസ്ലീങ്ങളുമാണ് സകല നശീകരണങ്ങൾക്കും കാരണം എന്ന് വരുത്തിത്തീർക്കാൻ മേൽപറഞ്ഞ ദോഖ്‌ല സ്വഭാവവും ദോഗ്‌ലി അധികാരവും ദോഗ്ല സാമ്രാജ്യത്വവും പരിശ്രമിക്കുന്നു. അമേരിക്കയെക്കുറിച്ച് ലേഖകന്റെ നിരീക്ഷണമാണിത്. ഇതേ അമേരിക്കയുടെ പ്രസിഡണ്ട് ബറാക് ഒബാമയാണ് ഇസ്ലാമിക് രാഷ്ട്രങ്ങളിലെ ശാസ്ത്രജ്ഞൻമാർക്ക് പ്രത്യേക സഹായങ്ങൾ നൽകണമെന്ന് നാസയോട് വഴിവിട്ട് നിർദ്ദേശിച്ചതും, ഇസ്ലാമിക രാഷ്ട്രങ്ങളും അമേരിക്കയുമായുള്ള പുതിയ ബന്ധങ്ങൾക്ക് ആഹ്വാനം ചെയ്തുകൊണ്ട് 2009 ൽ കെയ്റോയിലോളം പോയി. അൽ-അഷർ യൂണിവേഴ്സിറ്റിയിൽ തന്റെ ചരിത്രപ്രസിദ്ധമായ പ്രസംഗം നടത്തിയതും എന്ന് ഈയവസരത്തിൽ നാമോർക്കണം.

പക്ഷേ ഹഫ്ത്ത്‌റോസാ നയിദുനിയ വിധി പ്രസ്താവിക്കുന്നത് ശ്രദ്ധിക്കുക- ഭീകരവാദത്തെ ജിഹാദ് എന്നും ഭീകരവാദികളെ ജിഹാദിസ്റ്റുകൾ എന്നും വിളിച്ചുകൊണ്ട് ഇസ്ലാമിനെയും മുസ്ലീങ്ങളെയും കളങ്കപ്പെടുത്താനാണ് അമേരിക്ക ശ്രമിച്ചിട്ടുള്ളത് എന്നതാണ് സത്യം.

ആഗോള ജിഹാദിന്റെ പ്രത്യേകിച്ചും അൽ ഖയ്ദയുടേയും ഇസ്ലാമിക് സ്റ്റേറ്റിന്റെയും വളർച്ചയ്ക്ക് ഏക കാരണക്കാർ അമേരിക്കയാണെങ്കിൽ, ക്രിസ്തുവർഷം 680 ലെ രക്തരൂക്ഷിതമായ കർബല യുദ്ധത്തിനും ഇസ്ലാമിന്റെ തുടക്കത്തിൽ ഇസ്ലാമിക് ഖലീഫമാരും കൊല ചെയ്യപ്പെട്ടതിനും ഉത്തരവാദി അമേരിക്ക തന്നെയാണോ എന്ന് ആരും ചോദിച്ചുപോകും. ഹോളിവുഡിനെയും അമേരിക്കൻ ടെലിവിഷൻ സീരിയലുകളെയും യു.എസ്. ഗവൺമെന്റിന്റെ പദ്ധതികളായിട്ടാണ് വാരിക കണക്കാക്കുന്നത്. ഒരു ലേഖനത്തിന്റെ തലക്കെട്ട് തന്നെ ഇങ്ങനെയാണ്ഃ ഇസ്ലാമിക് ഭീകരവാദം എന്നു വിളിക്കപ്പെടുന്ന അമേരിക്കൻ സാമ്രാജ്യത്വസന്തതി ഹോളിവുഡിൽ നിന്ന് ടെലിവിഷൻ സീരിയലുകളിലേക്കുള്ള ആസൂത്രിത ഗൂഡാലോചന. പാശ്ചാത്യലോകത്തെ ഇസ്ലാമിനേയും മുസ്ലീങ്ങളേയും ഭീകരവാദവുമായി ബന്ധിപ്പിക്കുന്നതിൽ ഹോളിവുഡും ടെലിവിഷനും വൻ പങ്ക് വഹിച്ചിട്ടുണ്ട് എന്ന് വാദിച്ചുകൊണ്ട് ലേഖനം പ്രഖ്യാപിക്കുന്നത് വായിക്കുക '' ഈ ഗൂഡാലോചന ഹോളിവുഡിൽ മാത്രം ഒതുങ്ങിനിൽക്കുന്നതാണോ അതോ മുഴുവൻ സിനിമാലോകത്തിന്റെയും മനോഗതിയെ പ്രതിനിധാനം ചെയ്യുന്നതാണോ അതുമല്ല തങ്ങളുടെ വിദേശനയത്തിന് പാതയൊരുക്കാനായി അമേരിക്കൻ ഗവൺമെന്റിന്റെ പദ്ധതിയുടെ ഭാഗമാണോ എന്നതാണ് ഏറ്റവും മുഖ്യമായ പ്രശ്നം. ഇസ്ലാമിനും മുസ്ലീങ്ങൾക്കും എതിരായുള്ള സ്വഭാവഹത്യയിലൂടെ മാത്രമേ പാശ്ചാത്യശക്തികൾക്കു ലോകത്തു അധീശത്വം ഉറപ്പിക്കാൻ സാധിക്കുകയുള്ളൂ''

ഒസാമ ബിൻ ലാദന്റെ കൊലപാതകത്തെ അധികരിച്ച് ജേർണലിസ്റ്റ് സെയ്മർ ഹെർഷിന്റെ വിവാദമായ സമീപകാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹഫ്ത്തറോസ നയിദുനിയയിൽ പ്രത്യക്ഷപ്പെട്ട '' ഒസാമയുടെ മരണം '' എന്ന ലേഖനത്തിൽ അമേരിക്കയെ ചുറ്റിപ്പറ്റിയുള്ള അനേകം ഗൂഢതന്ത്രങ്ങളുടെ കഥകളാണ് മുന്നോട്ട് വെക്കുന്നത്. അവയിലൊന്ന് ഇങ്ങനെ 2011 മേയിൽ അബോട്ടാബാദിൽ നിന്ന് തിരിച്ചുവരുന്ന വഴിക്ക് അമേരിക്കൻ ഭടൻമാർ തുണ്ടം തുണ്ടമാക്കിയ ബിൻലാദന്റെ ശവശരീരം അഫ്ഗാനിസ്ഥാൻ മലനിരയിലേക്ക് വലിച്ചെറിയുകയാണ് ചെയ്തത്. ബിൻലാദന്റെ മൃതദേഹം കടലിൽത്താഴ്ത്തിയെന്നാണ് അമേരിക്ക പറഞ്ഞത്. ലേഖനം മുമ്പോട്ട് വെക്കുന്ന മറ്റൊരു ഗൂഡാലോചന



നയിദുനിയയിൽ പ്രസിദ്ധീകരിച്ച മറ്റൊരു ചിത്രം

ആഗോള ജിഹാദിന്റെ പ്രത്യേകിച്ചും അൽ ഖയ്ദയുടേയും ഇസ്ലാമിക് സ്റ്റേറ്റിന്റെയും വളർച്ചയ്ക്ക് ഏഅക കാരണക്കാർ അമേരിക്കയാണെങ്കിൽ, ക്രിസ്തുവർഷം 680 ലെ രക്തരൂക്ഷിതമായ കാർബലയ യുദ്ധത്തിനും ഇസ്ലാമിന്റെ തുടക്കത്തിൽ ഇസ്ലാമിക് ഖലീഫമാർ കൊല ചെയ്യപ്പെട്ടതിനും ഉത്തരവാദി അമേരിക്കതന്നെയാണോ എന്ന് ആരും ചോദിച്ചുപോകും

തിയറി, ഇറാഖി നേതാവ് സദ്ദാം ഹുസൈനെ പിടിച്ചത് അമേരിക്ക ആസൂത്രണം ചെയ്ത ഒരു നാടകമായിരുന്നു എന്നാണ്. ലേഖനം തുടരുന്നു ''സദ്ദാം ഹുസൈൻ പിടിക്കപ്പെട്ടത് തിക്രത്തിലെ ഒരു ഭൂഗർഭ അറയിൽ നിന്നല്ല. മറിച്ച് സദ്ദാം ഒരു ഭൂഗർഭ അറയിൽ ഒളിച്ചിരിക്കുകയായിരുന്നു എന്ന അപമാനവും നാണക്കേടും വരുത്തിത്തീർക്കാൻ വേണ്ടി അയാളുടെ അറസ്റ്റിനു ശേഷം നടത്തിയ നാടകമായിരുന്നു ആ സംഭവം''

പ്രസിദ്ധീകരണത്തിലെ ഒരു പ്രമുഖലേഖനം 'ഇസ്ലാമിക് ജീഹാദിന്റെ പേരിൽ ഇസ്ലാമിനെ അപകീർത്തിപ്പെടുത്താനുള്ള സാത്താന്റെ കളികൾ' മുന്നോട്ട് വെക്കുന്ന വാദം ഇങ്ങനെയാണ്. ഇസ്ലാമിക് ഭീകരവാദവും ഇസ്ലാമും പരസ്പര വിരുദ്ധങ്ങളാണ്. ഇസ്ലാമിൽ ഭീകരവാദമെന്ന സങ്കല്പമില്ല. ഇന്ത്യയിലെ ജിഹാദിസ്റ്റ് ഭീഷണിയെക്കുറിച്ച് ലേഖനത്തിൽ പ്രസ്താവിക്കുന്നത് ഇങ്ങനെയാണ്. ഹിന്ദുക്കളും മുസ്ലീങ്ങളും വലിയ ഏറ്റുമുട്ടലുകളൊന്നുമില്ലാതെ ഇവിടെ കഴിഞ്ഞു വരികയായിരുന്നു. പക്ഷേ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഇവിടെയും ഭീകരവാദം കാലുറപ്പിച്ചു കഴിഞ്ഞിരിക്കുന്നു. സമകാലീന ഭീകരവാദത്തെ സൃഷ്ടിക്കുന്നതിൽ വലിയൊരു അളവോ പങ്കുവഹിച്ച അമേരിക്കയോടും സഖ്യകക്ഷികളോടും ഒപ്പമാണ് ഭീകരവാദത്തിനെതിരെയുള്ള യുദ്ധത്തിൽ അറിഞ്ഞോ അറിയാതേയോ ഇന്ത്യയുടെ സ്ഥാനം.

2014 മദ്ധ്യത്തിൽ ഭാരതീയ ജനതാപാർട്ടി (ബി.ജെ.പി) അധികാരത്തിൽ വരികയും രാഷ്ട്രീയ സ്വയം സേവക് സംഘ് (ആർ.എസ്.എസ്)ന്റെ മുസ്ലീംവിരുദ്ധ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തപ്പോൾ ഇന്ത്യൻ മുസ്ലീങ്ങളുടെ ഇടയിൽ ഭീതിയുടെ ഓളങ്ങൾ പരക്കാൻ തുടങ്ങിയിരിക്കുന്നു. എന്ന് ലേഖനം തുടർന്ന് പ്രസ്താവിക്കുന്നു.

ഇസ്ലാമും മുസ്ലീങ്ങളും ഉൾപ്പെടുന്ന ഭീകരവാദത്തിന് ചിലപ്പോൾ ഉർദ്ദുഭാഷയിലെ താഴെപറയുന്ന വാക്കുകൾ മാറിമാറി ഉപയോഗിക്കുന്നുണ്ട്. ഇന്തേഷാപസന്തി – തീവ്രവാദം (Extremism) ഷിബ്വത്ത് പസന്തി – ആക്രമണോത്സുകത (മിലിറ്റൻസി) ദഹ് ശത് ഗാർഡി – ഭീകരവാദം (Terrorism)ജിഹാദി – ജിഹാദിസം. മൗലാനാ വഹിദുദ്ദീൻ ഖാനെ പ്പോലുള്ള ചില ഇസ്ലാമിക് പരിഷ്ക്കരണവാദികളെയും അനലിസ്റ്റുകളെയും ഈ മുഖ്യലേഖനത്തിൽ ഉദ്ധരിക്കുന്നുണ്ടെങ്കിലും ഉർദു പത്രപ്രവർത്തകർ ഉദ്ധരണി ചിഹ്നങ്ങൾ (Quote marks) ഉപയോഗിക്കാത്തത് കൊണ്ട് ആരു എന്തു പറഞ്ഞു എന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്.

എന്നിരുന്നാലും ഇസ്ലാമിക് അക്രമമാർഗ്ഗത്തെ ന്യായീകരിക്കുവാൻ ഹഫ്ത്തറോസാ നയി ദുനിയ മുമ്പോട്ടു വെക്കുന്ന നിരീക്ഷണങ്ങളിതാ:– ആക്രമണവാദത്തിന് (Militancy)രണ്ടു വശങ്ങളുണ്ട്. ഇസ്ലാമിക് ആക്രമണവാദത്തിന്റെ (Islamic Militancy) ഒരർത്ഥം ഇസ്ലാം മതത്തിന്റെ അടിസ്ഥാന തത്ത്വങ്ങളോട് ബന്ധപ്പെട്ടിരിക്കുക എന്നും അവയോട് വിധേയത്വം പുലർത്തുക എന്നുമാണ്. മതസ്വാതന്ത്ര്യത്തിന്റെ ഇന്നത്തെ യുഗം ......ഇസ്ലാമിക് ആക്രമണവാദത്തെ രണ്ടാമത്തെ അർത്ഥത്തിൽ എടുത്താൽ അതായത് Islamic Militancy മറ്റുള്ളവരിൽ നിർബന്ധമായി അടിച്ചേൽപ്പിക്കുന്നത് തെറ്റാണ്. Islamic Militancy എന്ന വാക്കിന്റെ ആദ്യം പറഞ്ഞ അർത്ഥം പരിശോധിക്കുമ്പോൾ മുസ്ലീങ്ങൾ മതത്തെ പിന്തുടരേണ്ടത് അക്രമമാർഗ്ഗത്തോടെയാണെന്ന് വ്യക്തമാണ്. ഇറാഖിലേയും സിറിയയിലേയും ISIS പിന്തുടരുന്ന മുഖ്യ ആശയവും ഇതു തന്നെ.

ലേഖനം വിചിത്രമായ മറ്റൊരു വാദവുമായി മുന്നോട്ടു വരുന്നു. ഭീകരവാദം പടർന്നു പിടിച്ചിട്ടുണ്ടെങ്കിൽ അത് അറബികളുടെ ഇടയിലാണ്. ഇസ്ലാമിൽ അല്ല. ഇസ്ലാമികലോകത്തെ സംഭവവികാസങ്ങളിൽ ദുഃഖിക്കുന്ന ബുദ്ധിജീവിയും വിശ്വാസയോഗ്യനായ പത്രപ്രവർത്തകനും ആയിട്ടാണ് ഹഫ്ത്ത് റോസാ നയിദുനിയയുടെ പത്രാധിപരായ ഷഹിദ് സിദ്ദിഖിയെ ഈ ലേഖനത്തിൽ പരിചയപ്പെടുത്തുന്നത്. മുസ്ലീങ്ങൾക്ക് ചുറ്റും നെയ്തുകൊണ്ടിരിക്കുന്ന വലക്കണ്ണികൾ അവർ തിരിച്ചറിയുകയും ഒരു നാൾ അതിനെ നേരിടാൻ അവർ തയ്യാറാവുകയും ചെയ്യുമെന്ന പ്രതീക്ഷയും അദ്ദേഹത്തിനുണ്ട്. ഇന്ത്യയിൽ ഇസ്ലാമിന് സമഭാവനയുടെ അനുഭവമുണ്ടാകാൻ കാരണം സൂഫികളായിരുന്നു എന്നാണ് ലേഖനത്തിലെ വാദം. ഒരിടത്ത് ഷഷ്ദ് സിദ്ദിഖിയെ ഉദ്ധരിച്ചു കൊണ്ട് പറയുന്നത് ശ്രദ്ധിക്കൂ. ഇന്ത്യ മതേതരത്വം കൈവെടിയുന്ന ദിവസം മുസ്ലീങ്ങൾ മാത്രമല്ല നശിപ്പിക്കപ്പെടുക ഈ രാഷ്ട്രം മുഴുവനും നശിപ്പിക്കപ്പെടും. ഇന്ത്യയിലെയും അറബ് രാഷ്ട്രങ്ങളിലേയും കഴിഞ്ഞ കാലങ്ങളിലെ ഭരണാധികാരികളുടെ ദുഷ്ചെയ്തികൾക്ക് ഇസ്ലാമുമായി



തീരംതേടിയലയുന്ന രോഹിംഗ്യ അഭയാർത്ഥികൾ

ബന്ധമില്ല എന്നാണ് ലേഖനത്തിൽ പ്രസ്താവിക്കുന്നത്. അവർ അധികാരം നിലനിർത്താൻ വേണ്ടിയാണ് യുദ്ധം ചെയ്തത്, ഇസ്ലാം പ്രചരിപ്പിക്കാൻ വേണ്ടിയല്ല എന്നതാണ് അതിന് കാരണം.

പ്രസ്തുത ഉർദു വാരികയിൽ ധാരാളം പ്രത്യേകലേഖനങ്ങളുണ്ട്. റോഹിംഗ്യ മുസ്ലീങ്ങളെക്കുറിച്ചും ജീഹാദിനെക്കുറിച്ച് ഖുറാനിലുള്ള 24 വചനങ്ങളിൽ ഒന്നിനെക്കുറിച്ചും. ജിഹാദിനെക്കുറിച്ചുള്ള വചനത്തിൽ പറയുന്നത്. ജിഹാദ് മനുഷ്യരാശിക്ക് നല്ലതാണ് എന്നാണ്. തീർച്ചയായും ഖുറാൻ ജിഹാദിനുള്ള ആജ്ഞ നൽകിയിരിക്കുന്നു. പക്ഷേ അത് ലോകത്ത് അരാജകത്വം പടർത്താൻ വേണ്ടിയല്ല, മറിച്ച് മനുഷ്യരാശിയെ അരാജക്ത്വത്തിൽ നിന്ന് മോചിപ്പിക്കാനാണ്. അതിന്റെ ലക്ഷ്യം അക്രമമല്ല, മറിച്ച് അക്രമം ഇല്ലാതാക്കലാണ്.

അടിസ്ഥാനപരമായി പ്രതിരോധമാണ് ജിഹാദ് എന്നാണ് ലേഖനത്തിൽ പറയുന്നത്. വ്യത്യസ്ത തരത്തിലുള്ള ജിഹാദുകളിലൊന്നായ വാളുകൊണ്ടുള്ള ജിഹാദ് ഒരു ഇസ്ലാമിക രാഷ്ട്രത്തിന്റെ കടമയാണ്. വ്യക്തിയുടേതല്ല, മുസ്ലീങ്ങളുടെ ജീവനും സ്വത്തും പ്രതിരോധിക്കേണ്ടിവരുമ്പോൾ യു.എൻ അനുവദിച്ചതുപോലെ ഇനിയൊരു യുദ്ധത്തെയും ന്യായീകരിക്കുകയാണ് ലേഖനത്തിൽ. അമേരിക്കയുടെ നിലനിൽപ് അപകടത്തിലായാൽ അവർ യുദ്ധം ചെയ്യുകയില്ലേ?

ഇസ്ലാം എങ്ങനെയാണ് സമാധാനത്തിന്റെ മതമായത് എന്നും സൂഫിവര്യന്മാർ മതപ്രചരണത്തിൽ എന്താണ് പങ്ക് വഹിച്ചതെന്നും ലേഖനത്തിൽ വിശദീകരിക്കുന്നുണ്ട്. മറ്റൊരു ലേഖനത്തിൽ ഇന്ത്യൻ മുസ്ലീങ്ങൾ സമാധാനപ്രിയിരായിരിക്കുന്നത് എങ്ങനെ എന്ന് പരിശോധിക്കുകയാണ്. ''മതത്തിന്റെ പേരിലുള്ള വിദ്വേഷം ഇവിടെ സാധാരണമാണെങ്കിലും അസമത്വത്തെക്കുറിച്ച് മുസ്ലീങ്ങൾ പരാതിപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ഇത്തരം സാഹചര്യങ്ങൾ തന്നെയാണ് ഭീകരവാദത്തിന്റെയും വിഭാഗീയതയുടേയും വളർച്ചക്ക് കാരണമാകുന്നത്.'' ഇതൊക്കെയായിട്ടും തങ്ങൾ സമാധാനപ്രിയരാണ് എന്ന് മുസ്ലീങ്ങൾ തെളിയിച്ചിരിക്കുന്നു. ലേഖനം തുടരുന്നു: ''എന്തുകൊണ്ടാണ് ഇന്ത്യയിലെ മുസ്ലീങ്ങൾ ഇത്രയും സമാധാനപ്രിയരായത്? അതിക്രമങ്ങളുടെ പർവ്വതങ്ങൾ തന്നെ അവരുടെമേൽ പതിച്ചിട്ടും അവർ സമാധാനപരമായി ചെറുത്തുനില്ക്കുന്നു. മുസ്ലീങ്ങളെ കൊല്ലാനുള്ള കലാപങ്ങൾ സംഘടിപ്പിക്കപ്പെടുന്നു. പക്ഷേ മുസ്ലീങ്ങൾ വിഘടിച്ചു നില്ക്കാൻ തയ്യാറല്ല. അവരുടെ പള്ളി തകർക്കപ്പെടുകയും അവിടെ വിഗ്രഹാരാധനാകേന്ദ്രമായി മാറ്റപ്പെടുകയും ചെയ്തു. പക്ഷേ അതിനെതരായിപോലും മുസ്ലീങ്ങളുടെ യുദ്ധം കോടതികളിൽ ഒതുങ്ങി. 1947 ന് ശേഷം ഇന്ത്യയിലെ മുസ്ലീങ്ങളോട് ചെയ്ത അതിക്രമങ്ങൾ മറ്റൊരു രാഷ്ട്രത്തിന് എതിരായിരുന്നുവെങ്കിൽ അവിടെയുള്ള യുവാക്കൾ ഭീകരവാദികളായി മാറുകയും നശീകരണത്തിന്റെ പാത പിന്തുടരുകയും ചെയ്യുമായിരുന്നു.'' ■

"സദ്ദാം ഹുസൈൻ പിടിക്കപ്പെട്ടത് തിക്രത്തിലെ ഒരു ഭൂഗർഭ അറയിൽ നിന്നല്ല. മറിച്ച് സദ്ദാം ഒരു ഭൂഗർഭ അറയിൽ ഒളിച്ചിരിക്കുകയായിരുന്നു എന്ന അപമാനവും നാണക്കേടും വരുത്തിത്തീർക്കാൻ വേണ്ടി അയാളുടെ അറസ്റ്റിനു ശേഷം നടത്തിയ നാടകമായിരുന്നു ആ സംഭവം"

(അമേരിക്കയിലെ മിഡിൽ ഈസ്റ്റ് മീഡിയ റിസർച്ചിന്റെ സൗത്ത് ഏഷ്യൻ സ്റ്റഡീസ് ഡയറക്ടറാണ് ലേഖകൻ)